(ബി) എങ്കിൽ ഇതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച നിവേദനങ്ങളിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടർ, കൊല്ലം ജില്ല മെഡിക്കൽ ഓഫീസറോട് പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ്.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി

35 (6740) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യാ ഫാർമസി തുടങ്ങാമെന്ന് കെ.എം.എസ്.സി.എൽ. അറിയിച്ചിരുന്നുവെങ്കിലും അവർ നിർദ്ദേശിച്ച പ്രകാരം 6 വർഷത്തിലധികം രൂപ ചെലവഴിച്ച് കളർകോഡ് കൗണ്ടർ, കമ്പ്യൂട്ടർ സംവിധാനങ്ങൾ, ഡ്രഗ് ലൈസൻസ് എന്നിവ ലഭ്യമാക്കിയിട്ടും കാരുണ്യ ഫാർമസി തുടങ്ങാൻ എന്താണ് തടസ്സമെന്ന് വിശദമാക്കുമോ ;

(ബി) എത്രയും വേഗം ഫാർമസി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 20 ഫാർമസികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. കോർപ്പറേഷന്റെ നിലവിലുള്ള 35 ഫാർമസികളുടെ പട്ടികയിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

പാണത്തൂർ പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തണമെന്ന ആവശ്യം

36 (6741) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാണത്തൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടെ അനുവദിച്ചിട്ടുള്ള തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവരുടെ നിയമനരീതി, തസ്തിക തിരിച്ച് ഒഴിവുകളുടെ എണ്ണം എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൽപ്പറ്റ ജനറൽ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

37 (6742) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയുടെ കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രി കൈനാട്ടിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ഇനിയും എന്തെല്ലാം സജ്ജീകരണങ്ങളാണ് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പണി എൻ.ആർ.എച്ച്.എം. മുഖേനയാണ് നടത്തുന്നത്. നാല് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. നിർമ്മാണപ്രവൃത്തിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. **സിവിൽ വർക്സ്** : ഓപ്പറേഷൻ തിയേറ്റർ റിനവേഷൻ, ഇന്റേണൽ മോഡിഫിക്കേഷൻ, മുറ്റം ഇന്റർ ലോക്കിംഗ്, ഗേറ്റ്, മതിൽ തുടങ്ങിയവ, 162 സ്ക്വയർ മീറ്റർ ഏരിയ വരുന്ന രണ്ടാമത്തെയും മൂന്നാമത്തെയും നിലകളുടെ നിർമ്മാണം.
2. ഇലക്ട്രിക്കൽ വർക്സ്.
3. ഫയർ ഫൈറ്റിംഗ്സ്.
4. മെഡിക്കൽ ഗ്യാസ് പൈപ്പ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly